കുടുംബശ്രീ യൂണിറ്റുകൾ വഴി പ്രകൃതിദത്തനാരുപയോഗിച്ചുള്ള കരകൗശല ഉല്പന്നങ്ങൾ

205(912) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ വസ്ത്ര മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ മാള നിയോജകമണ്ഡലത്തിലെ പൊയ്യയിൽ കോട്ടപ്പുറം കിഡ്സിന്റെ നേതൃത്വത്തിൽ പ്രകൃതിദത്തനാരുകൾ ഉപയോഗിച്ച് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സ്ഥാപനം പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുളവാഴയുടെ നാരുകൾ ഉൾപ്പെടെ വിവിധ പ്രകൃതിദത്തനാരുകൾ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്ന പ്രസ്തുത സ്ഥാപനം വഴി കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി, കുടുംബശ്രീ യൂണിറ്റുകൾ മുഖേന പ്രകൃതിദത്തനാരുപയോഗിച്ചുള്ള കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രകൃതിദത്തനാരുകൾ നമ്മുടെ സംസ്ഥാനത്താണെന്നതിനാൽ ഈ പ്രകൃതിദത്തനാരുകൾ ഉപയോഗപ്പെടുത്തി കൂടുതൽ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

വ്യാവസായിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ

206(913) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ വ്യവസായ നിക്ഷേപങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ്/സ്വകാര്യനിക്ഷേപങ്ങൾ നടത്തുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ പിന്നിലാണെന്ന വസ്തുത രാജ്യത്തെ വ്യാപാരി-വ്യവസായികളുടെ പ്രമുഖസംഘടനയായ അസോസിയേറ്റഡ് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി സമീപകാലത്ത് നടത്തിയ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ വ്യാവസായിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങളെന്തെങ്കിലുമുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) വ്യവസായവകുപ്പുമായി ധാരണയിലെത്തിയിരുന്ന സ്വദേശത്തും വിദേശത്തുമുള്ള കമ്പനികളുടെ നേതൃത്വത്തിൽ മുതൽ മുടക്കാൻ തീരുമാനിച്ച പല വൻ പ്രോജക്ടുകളും ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly